സ്മാർട്ട്സിറ്റിക്കായി പുതിയ സംരംഭകർ

17 (4352) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതിയുടെ നിലവിലെ മുഖ്യ സംരംഭകരായ ദുബായ് ടീകോമിനെ ഒഴിവാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) മറ്റേതെങ്കിലും വിദേശ കമ്പനികൾ ഈ പദ്ധതി നടത്തിപ്പുമായി സഹകരിക്കാമെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) സംസ്ഥാനത്തിനുള്ളിൽ നിന്നും ഇതിനായി സംരംഭകരെ കണ്ടെത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ - സി) സ്മാർട്ട്സിറ്റി പദ്ധതിയിൽനിന്ന് ടീക്കോമിനെ ഒഴിവാക്കിയിട്ടില്ല.

ഐ.ടി. കയറ്റുമതി വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ നടപടി

18 (4353) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തെ ഐ.ടി. കയറ്റുമതിയുടെ വളർച്ചാനിരക്ക് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക സാമ്പത്തിക മേഖലകളിൽ നിന്നും ഐ.ടി. പാർക്കുകളിൽ നിന്നുമുള്ള വരുമാനത്തിന്റെ ഓരോ വർഷത്തെയും കണക്കുകൾ വെളിപ്പെടുത്താമോ ;

(ഡി) കേരളത്തിൽ എത്ര കമ്പനികളാണ് ഐ.ടി. കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നത് ;

(ഇ) ഐ.ടി. കയറ്റുമതി വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ആഗോള സാമ്പത്തികമാന്ദ്യം നിമിത്തം കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ ഐ.ടി. കയറ്റുമതിയിൽ നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) STPI-യുടെ കണക്കനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലകളിൽ നിന്നും ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽനിന്നും 2007-08-ൽ 1143.82 കോടി രൂപയുടെയും 2008-09-ൽ 1818.28 കോടി രൂപയുടെയും 2009-10-ൽ 2004.91 കോടി രൂപയുടെയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) STPI -യുടെ കണക്കനുസരിച്ച് 204 STPI യൂണിറ്റുകളും 19 SEZ യൂണിറ്റുകളും ഐ.ടി. കയറ്റുമതിയിൽ ഏർപ്പെട്ടുവരുന്നു.

(ഇ) മാർക്കറ്റിംഗ് രംഗത്ത് കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ, രാജ്യാന്തര നിലവാരം പുലർത്തുന്ന അടിസ്ഥാന സൗകര്യ വികസനം, മാനവ വിഭവശേഷിയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയവ വഴി ഐ.ടി. കയറ്റുതി വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം

19 (4355) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാസർഗോഡ് താലൂക്ക് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം മുൻനിർത്തി താഴെപ്പറയുന്ന പരിരക്ഷകൾ നിലവിൽ നൽകിവരുന്നുണ്ട്. നിലവിൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ എല്ലാ സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഫാറം എന്നിവ അതാത് പ്രദേശങ്ങളിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്യേണ്ട എല്ലാ പ്രമാണങ്ങളും പ്രസ്തുത ഭാഷയിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദമുണ്ട്. ന്യൂനപക്ഷ പ്രദേശങ്ങളിലെ എല്ലാ സർക്കാർ ഓഫീസുകളിലും ന്യൂനപക്ഷ ഭാഷയിൽ വ്യവഹാരം നടത്തുന്നതിനുള്ള അനുവാദമുണ്ട്. ടി പ്രദേശങ്ങളിലെ സർക്കാർ ആഫീസുകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ട്. പൊതുജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തേണ്ടി വരുന്ന വകുപ്പുകളിലെ തസ്തികകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥരാണെങ്കിൽ അവർക്ക് പകരം ടി ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്ന ഉദ്യോഗസ്ഥരെ മുൻഗണനാക്രമം മറികടന്ന് നിയമിക്കുന്നുണ്ട്. ഇപ്രകാരം എല്ലാ വകുപ്പുകളിലെയും ലോവർ എക്സിക്യൂട്ടീവ് തസ്തികമുതൽ മുകളിലേക്കുള്ള തസ്തികകളിൽ നിയമനം നൽകിവരുന്നുണ്ട്. ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പഠനം നടത്തുവാൻ എല്ലാ ഭാഷാ/വിഷയങ്ങൾക്കുമുള്ള പുസ്തകങ്ങൾ ന്യൂനപക്ഷഭാഷയിൽ പ്രസിദ്ധീകരിച്ചു നൽകാറുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകളിൽ ഭാഷാ പരിജ്ഞാനമുള്ള അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഭാഷാപരിജ്ഞാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly